LIBRARY ARCHIVES Kerala Legislative Assembly

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ശാഖകൾ

10 [1142] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് എത്ര ശാഖകളും ജീവനക്കാരുമുണ്ടെന്നറിയിക്കാമോ;

(ബി) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ കെ.എസ്.എഫ്.ഇ.-യുടെ ലാഭം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ മൂന്നു വർഷക്കാലം എത്ര പുതിയ ശാഖകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്;

(ഡി) സംസ്ഥാനത്തിനു പുറത്ത് ശാഖകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ;

(ഇ) തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവിലെ നിർദ്ദിഷ്ട ശാഖ പ്രവർത്തനമാരംഭിക്കാൻ വൈകുന്നതിന്റെ കാരണം അറിയിക്കാമോ;

(എഫ്) ഇതിന്റെ പ്രവർത്തനം സത്വരമായി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് സംസ്ഥാനത്ത് 230 ശാഖകളും, മുവായിരത്തി നാന്നൂറ്റി നാൽപ്പത്തിരണ്ട് (3442) ജീവനക്കാരുമുണ്ട്.

(ബി)

വർഷം	*ലാഭം (കോടി രൂപയിൽ)*
2001-2002	28.47
2002-2003	38.32
2003-2004	60.00
	(ഓഡിറ്റിന് വിധേയം)

(സി) കഴിഞ്ഞ മൂന്നു വർഷക്കാലം കെ.എസ്.എഫ്.ഇ. അഞ്ച് ശാഖകൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്;

(ഡി) ഉണ്ട്.

(ഇ) കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതോടുകൂടി പുതിയ ശാഖകൾ ആരംഭിക്കാം എന്ന തീരുമാനത്തിന്റെ ഭാഗമായാണ് പുതിയ ശാഖകൾ ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത്. ആയതുകൊണ്ടാണ് തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവിലെ നിർദ്ദിഷ്ട ശാഖ പ്രവർത്തനമാരംഭിക്കുവാൻ വൈകുന്നത്.

(എഫ്) നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.